(എഫ്) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) മറ്റ് സംസ്ഥാനങ്ങൾ മെട്രോപോലെയുള്ള പദ്ധതികൾക്ക് നൽകിയ ഇളവുകൾക്ക് സമാനമായി, നിർദ്ദിഷ്ട വ്യവസ്ഥകൾക്ക് വിധേയമായി ഈ പദ്ധതിയിന്മേലുള്ള വർക്സ് കോൺട്രാക്ട് നികുതി ഒഴിവാക്കുന്നതാണെന്ന് കേരള ബഡ്ജറ്റ് 2014-ൽ പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് കേരളാ ധനകാര്യ ബിൽ 2014-ൽ ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്തിരുന്നു. നികുതി ഒഴിവാക്കി നൽകുന്നതുകൊണ്ട് ടെണ്ടർ എടുത്ത കമ്പനികൾക്ക് പ്രത്യേക ഗുണം വല്ലതുമാകുമോ എന്നത് കരാർ വ്യവസ്ഥകൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ഡി) ഇതിനകം നൽകിയ ജോലികളുടെ മൂല്യം ചുവടെ ചേർക്കുന്നു :

സിവിൽ	-	1615.37 കോടി രൂപ
ഇലക്ട്രിക്കൽ	-	20.09 "
ഡി.ഡി.സി.	-	26.78 "
ആകെ	-	1662.24 "

(ഇ&എഫ്) നികുതി ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരിക്കണമെന്നുള്ളത് പരിശോധിച്ചുവരുന്നു. ഡി.എം.ആർ.സി.യുടെ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന നികുതിയിനത്തിൽ 263.96 കോടി രൂപ ആവശ്യമായിവരും. കേന്ദ്രാനുമതി പ്രകാരം 237.33 കോടി രൂപയായിരുന്നു കണക്കാക്കിയിരുന്നത്.

സുകാമി ടീ പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രവർത്തനം

135 (6586) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ മുണ്ടക്കയം വില്ലേജിൽ പറന്താനത്തുള്ള സുകാമി ടീ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2005 ജൂണിൽ പ്രവർത്തനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സുകാമി ടീ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2005 ജൂണിൽ പ്രവർത്തനം നിർത്തുന്നതുമായി ബന്ധപ്പെട്ട് പീരുമേട് സെയിൽടാക്സ് ആഫീസിൽ നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സുകാമി ടീ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2005 ജൂണിൽ പ്രവർത്തനം നിർത്തുന്നതുമായി ബന്ധപ്പെട്ട് പീരുമേട് സെയിൽസ് ടാക്സ് ആഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly